# KERALA POLICE INFORMATION CENTRE

No.29/PR/PIC/PHQ/11 Date : 05.11.2011

## മലയാളം - ഭരണഭാഷാ വാരാഘോഷം

സംസ്ഥാന സർക്കാർ നടപ്പിലാക്കിയ മലയാളം ഭരണഭാഷാ വാരാഘോഷത്തിന്റെ ഭാഗമായി പോലീസ് ആസ്ഥാനത്ത് വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു. മുതിർന്ന സാഹിത്യനായകന്മാരെ ആദരിക്കൽ, ഭരണഭാഷാ സെമിനാർ, ചെറുകഥ, കവിത, ലേഖന മത്സരങ്ങൾ ഇവയാണ് വാരാചരണത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്നത്.

നവംബർ 4-ന് നടന്ന ഉത്ഘാടന ചടങ്ങിൽ പോലീസ് ഐ.ജി ഡോ.ഷെയ്ക് ദർവേഷ്സാഹിബ് മുഖ്യാതിഥിയായി പങ്കെടുക്കുകയും ജീവനക്കാർക്ക് പ്രതിജ്ഞ ചൊല്ലിക്കൊടുക്കുകയും ഉണ്ടായി.

നവംബർ 5ന് നടന്ന പൊതുസമ്മേളനത്തിൽ മലയാളത്തിന്റെ അനുഗ്രഹീത കലാകാരനും എഴുത്തുകാരനുമായ പ്രൊഫ.ജി.എൻ.പണിക്കരെ ആദരിക്കുകയും ഉപഹാരം നൽകുകയും ഉണ്ടായി. തുടർന്ന് നടന്ന മലയാള ഭരണഭാഷ സെമിനാറിൽ പ്രൊഫ. ജി.എൻ.പണിക്കർ മുഖ്യപ്രഭാഷണം നടത്തി. ഭരണഭാഷ മലയാളത്തിലാക്കുന്നതിന്റെ ഭാഗമായി എല്ലാ ഇംഗ്ലീഷ്, അന്യഭാഷാ പദങ്ങൾക്കും സമാനമായ മലയാള പദങ്ങൾ സൃഷ്ടിക്കുന്നതിന് ശ്രമിക്കേണ്ടതില്ലെന്നും അവയെ മലയാളീകരിക്കുന്നതാണ് അഭിലഷണീയമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഐ.ജിമാരായ ഡോ.ഷെയ്ക് ദർവേഷ്സാഹബ്, ശ്രീ.എസ്.ഗോപിനാഥ്, ചെറുകഥാകൃത്ത് ശ്രീ.കെ.എൻ.പോൾ എന്നിവർ സെമിനാറിൽ പങ്കെടുത്ത് സംസാരിച്ചു.

അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ ഭാഗമായി മാതൃഭാഷയിൽ പഠനം നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ഉപരിപഠനത്തിന് സാങ്കേതിക വിദ്യാഭ്യാസ രംഗത്തും മലയാള ഭാഷ അവഗണിക്കപ്പെടുന്നു എന്നത് നമ്മുടെ വളർച്ചയെ പ്രതികൂലമായി ബാധിക്കുന്നു. പോലീസിന്റെ ഭരണപരമായ ആവശ്യങ്ങൾക്ക് എപ്പോഴും മലയാളം തന്നെ ഉപയോഗിക്കേണ്ടിവരുന്നത് ചിലപ്പോഴെങ്കിലും പ്രായോഗികമല്ല. ഓരോ വർഷവും ഭരണഭാഷ വാരാഘോഷവും മലയാള ദിനാചരണവും നടത്തുന്ന മലയാളികൾ മാതൃഭാഷയെ ഓർത്ത് അഭിമാനിക്കുകയും അതിന്റെ ഉപയോഗത്തിൽ കൂടുതൽ ശ്രദ്ധിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഇത് വർഷം മുഴുവൻ പ്രയോഗത്തിലിരിക്കേണ്ടതാണെന്ന് ഓർക്കേണ്ടതാണ്. സാഹിത്യപരമായും സാംസ്കാരികമായും ഏറെ സമ്പന്നമായ മലയാള ഭാഷ നിലനിൽക്കേണ്ടത് മലയാളത്തോടുതന്നെ മത്സരിച്ചാണ്. മറ്റ് ഭാഷകളോടുള്ള ശത്രുതയോ, വിരോധമോ അല്ല മലയാളത്തിന്റെ വളർച്ചയ്ക്ക് വളമാകേണ്ടത് എന്നിങ്ങനെയുള്ള അഭിപ്രായങ്ങൾ സെമിനാറിൽ ഉരുത്തിരിഞ്ഞു.

എ.ഐ.ജി ശ്രീ.കോറി സഞ്ജയ്കുമാർ ഗുരുഡിൻ നന്ദി പ്രകാശിപ്പിച്ചു.

The contents of this document may be deemed to be based on received information which is subject to further verification